## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4252

28.06.2012-ലെ
മറുപടിക്ക്.

## എൽ.പി., യു.പി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങൾ പുന:ക്രമീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളത്തിലും എൽ.പി.. യു.പി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങൾ പുന:ക്രമീകരിക്കുവാനും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം നിർത്തലാക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പുന:ക്രമീകരണം നടത്തുമ്പോൾ സ്കൂളുകൾ അടച്ചുപൂട്ടപ്പെടുന്ന അവസ്ഥയുണ്ടാകുമോ; ഹയർ സെക്കണ്ടറി സ്കൂളിൽ അവശ്യംവേണ്ട തസ്തികകൾ ഇല്ലാത്ത അവസ്ഥ ഇതോടെ പരിഹരിക്കപ്പെടുമോ; വ്യക്തമാക്കാമോ? | (എ) യും (ബി) യും<br><br>കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഏകദേശം 2852 യു.പി. സ്കൂളുകളിൽ നിന്നും 5-ാം ക്ലാസ്സുകൾ മാറ്റേണ്ടിവരുന്നു. 2780 ഹൈസ്കൂളുകളിൽ നിന്നും 8-ാം ക്ലാസ്സും മാറ്റേണ്ടതായി വരും. അതുപോലെ ഏകദേശം 5801 എൽ.പി. സ്കൂളുകളിൽ 5-ാം ക്ലാസ്സും 2851 യു.പി. സ്കൂളുകളോടൊപ്പം 8-ാം ക്ലാസ്സും ചേർക്കേണ്ടതായി വരുന്നു ഈ ഘടനാ മാറ്റം ഭൗതികമായി നടപ്പിലാക്കിയാൽ എൽ.പി. സ്കൂളുകളിൽ 11305 ക്ലാസ്സ് മുറികളും യു.പി. സ്കൂളിൽ 6681 ക്ലാസ്മുറികളുമടക്കം മൊത്തം 17986 മുറികൾ സ്കൂളുകളിൽ പുതുതായി നിർമ്മിക്കേണ്ടതായി വരുന്നു. ഇത്തരം ഘടനാ മാറ്റങ്ങളുടെ ഫലമായി നിലവിലുള്ള പല അദ്ധ്യാപകരെയും യു.പി. യിൽ നിന്നും എൽ.പി. യിലേയ്ക്കും ഹൈസ്കൂളിൽ നിന്നും യു.പി. |

യിലേക്കും പുനർ വിന്യസിക്കേണ്ടി വരുന്നു. ഇത്തരം ഘടനാ മാറ്റങ്ങളുടെ ഫലമായി എയ്ഡഡ് സ്കൂളുകളിൽ ഏതാണ്ട് എണ്ണായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായും വരുന്നു. വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാതെയും നിലവിലുള്ള അദ്ധ്യാപകരുടെ പുനർ വിന്യാസം ഒഴിവാക്കിയും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യം കൂടി കണക്കിലെടുത്തുമുള്ള ഘടനാമാറ്റമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര നിയമത്തിന്റെ അന്തസത്തയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന് വേണ്ടി സ്കൂൾ മാപ്പിംഗിനെ അടിസ്ഥാനമാക്കി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിച്ച് മാതൃസ്കൂൾ ഫീഡർ സ്കൂൾ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. എന്നാൽ ഹൈയർസെക്കണ്ടറി വിഭാഗം പുനക്രമീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. സ്കൂളുകൾ അടച്ചു പൂട്ടേണ്ട സ്ഥിതിയുണ്ടാകുമെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ